അങ്ങാടിക്കൽ വടക്ക് ഗണപതി ക്ഷേത്രത്തോടനുബന്ധിച്ചുള്ള കുളം

121 (2834) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽ അങ്ങാടിക്കൽ വടക്ക് ഗണപതി ക്ഷേത്രത്തിനോടനുബന്ധിച്ചുള്ള കുളം ദേവസ്വംബോർഡിന്റെ അധീനതയിലുള്ളതാണോ ;

(ബി) ആണെങ്കിൽ ഈ ക്ഷേത്രക്കുളം ക്ഷേത്രാവശ്യങ്ങൾക്കല്ലാതെ മറ്റേതെങ്കിലും ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ അനുവാദം നൽകിയിട്ടുണ്ടോ ;

(സി) ഈ കുളം നന്നാക്കുവാനോ നിന്തൽ പരിശീലന കേന്ദ്രമാക്കി മാറ്റുവാനോ ദേവസ്വം ബോർഡ് പണം ചെലവഴിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു തുക ചെലവഴിച്ചു ; വിശദമാക്കുമോ ;

(ഡി) പഞ്ചായത്ത് ഈ ആവശ്യവുമായി ബന്ധപ്പെട്ട് ദേവസ്വം അധികൃതരുമായി ബന്ധപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിശദമാക്കുമോ ;

(ഇ) ഈ കുളം നന്നാക്കാനോ നീന്തൽ പരിശീലന കേന്ദ്രമാക്കാനോ കഴിഞ്ഞ 3 വർഷങ്ങളിൽ എന്തു തുക ചെലവഴിച്ചിട്ടുണ്ട് ;

ഉത്തരം

(എ) ഈ കുളം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ളതാണെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി-ഇ) പ്രസ്തുത കുളം നന്നാക്കുന്നതിലേയ്ക്ക് ദേവസ്വംബോർഡ് 9,85,000 രൂപയുടെ അടങ്കൽ തയ്യാറാക്കിയിട്ടുണ്ടെന്നും ആയതിൽ 3,00,000 രൂപ കൊടുമൺ ഗ്രാമപഞ്ചായത്ത്, അവരുടെ വിഹിതമായി നൽകാമെന്ന് സമ്മതിച്ചിട്ടുണ്ടെന്നും ബോർഡ് ഇതുവരെ തുകയൊന്നും ഇതിനുവേണ്ടി ചെലവഴിച്ചിട്ടില്ലെന്നും തിരുവിതാംകൂർ ദേവസ്വംബോർഡ് അറിയിച്ചിട്ടുണ്ട്.

ഗുരുവായൂർ ദേവസ്വം ഭരണസമിതി അംഗങ്ങൾക്കെതിരെ വിജിലൻസ് അന്വേഷണം

122 (2835) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുരുവായൂർ ദേവസ്വം ഭരണസമിതി അംഗങ്ങൾക്കെതിരെ വിജിലൻസ് അന്വേഷണം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ആരുടെയെല്ലാം പേരിൽ ;

(ബി) വിജിലൻസ് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly